# വിജ്ഞാപനം

## മിഷൻ കോൺഗ്രസ്സ് & ബി.സി.സി. കൺവെൻഷൻ 2017

ബഹുമാനപ്പെട്ട വൈദികരേ, സന്യസ്ത സഹോദരരേ, പ്രിയമക്കളേ,

കഴിഞ്ഞ 15 കൊല്ലങ്ങളായി കെ.ആർ.എൽ.സി.സി.യുടെ ആഭിമുഖ്യത്തിൽ കേരള ലത്തീൻ സഭയുടെ പ്രവർത്തനങ്ങളെ വിലയിരുത്താനും സജീവമാക്കാനും കാലോചിതമായി നവീകരിക്കാനും നാം ശ്രമിച്ചുകൊണ്ടിരിക്കുകയാണല്ലോ. ഈ സംരഭത്തിൽ എല്ലാവരെയും പങ്കാളികളാക്കാനായി മൂന്നു കൊല്ലം മുമ്പ് 2014 ഒക്ടോബർ മാസം 19-ാം തീയതി ആരംഭിച്ച മിഷൻ കോൺഗ്രസ്സിനും ബി.സി.സി. കൺവെൻഷനും വേണ്ടിയുള്ള ഒരുക്കങ്ങളുടെ സമാപനഘട്ടത്തിലേക്കു നാം പ്രവേശിക്കുകയാണ്. ഇതോടനുബന്ധിച്ച് എല്ലാവരുടെയും സജീവപങ്കാളിത്തത്തോടെ ഇടവകകൾ കൂടുതൽ കാര്യക്ഷമമാക്കുവാൻ വേണ്ട സംവിധാനങ്ങൾ നാം രൂപപ്പെടുത്തുകയുണ്ടായി. പ്രേഷിതസഭയായും പങ്കാളിത്തസഭയായും ഒരേ വീക്ഷണത്തോടും സംവിധാനത്തോടും മുന്നോട്ടുപോകുന്ന പ്രാദേശികസഭയായി ക്രിസ്തുനാഥന് സാക്ഷ്യം വഹിക്കുന്നതിനാണ് നാം ഊന്നൽ നല്കുന്നത്. വിവിധ ശുശ്രൂഷകളെ ഏകോപിപ്പിച്ചുകൊണ്ട് സുവിശേഷാധിഷ്ഠിതമൂല്യങ്ങളിലും വിശ്വാസചൈതന്യത്തിലും അടിയുറച്ച ജീവിതം നയിക്കുവാൻ സഹായിക്കുന്ന വേദികളായി ബി.സി .സി.കൾ മാറിക്കൊണ്ടിരിക്കുന്നു.

സഭാശുശ്രൂഷകളിൽ പ്രതിനിധികളിലൂടെ എല്ലാവരുടെയും പ്രാർഥനാനിർഭരമായ സഹായവും സഹകരണവും ഉറപ്പാക്കാനാണ് 2017 ഒക്ടോബർ മാസം 6,7,8 തീയതികളിൽ വല്ലാർപാടത്തുവച്ച് മിഷൻ കോൺഗ്രസ്സും ബി.സി.സി.സംഗമവും സംഘടിപ്പിച്ചിരിക്കുന്നത്. ഇതോടനുബന്ധിച്ച് എല്ലാ സഭാസമൂഹങ്ങളുടെയും സഹകരണം ആവശ്യമുള്ള നാലു കാര്യങ്ങൾ ഈ വിജ്ഞാപനത്തിലൂടെ നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്.

**ഒന്നാമതായി, ദശവത്സരപദ്ധതികളുടെ പ്രകാശനം.** വരുന്ന പത്തുവർഷത്തേക്ക് നമ്മുടെ അജപാലന പ്രവർത്തനങ്ങളിൽ ഉണ്ടായിരിക്കേണ്ട ദർശനങ്ങളും ദിശാബോധവും ഉൾക്കൊള്ളുന്നതാണ് ഈ ദശവത്സര പദ്ധതി. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ രൂപത കമ്മീഷനുകളും ശുശ്രൂഷാസമിതികളും സംഘടനകളും അവരവരുടെ അജപാലനപദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്. ദൈവം ആഗ്രഹിക്കുന്ന രീതിയിൽ പങ്കാളിത്ത ദർശനം എല്ലാ മേഖലകളിലും യാഥാർത്ഥ്യമാക്കുവാൻ നാം ഇനിയും ബഹുദൂരം മുന്നേറേണ്ടിയിരിക്കുന്നു. മിഷൻ കോൺഗ്രസ്സിലൂടെയും ബിസിസി കൺവെൻഷനിലൂടെയും പങ്കാളിത്ത പ്രവർത്തനങ്ങളുടെ പുതിയ രീതികളും ദർശനങ്ങളും കൂടുതൽ വ്യക്തമായി മനസ്സിലാക്കുവാൻ നമുക്കു സാധിക്കും. സഭാ പ്രവർത്തനത്തിന്റെ വിവിധ മേഖലകളിൽ പങ്കാളിത്തദർശനവും അതനുസരിച്ചുള്ള ജീവിതരീതികളും അഭ്യസിക്കുവാൻ നമുക്ക് കഴിയണം. പാരിഷ് പാസ്റ്ററൽ കൗൺസിലും ഇടവക ധനകാര്യ സമിതിയും മറ്റു ശുശ്രൂഷാസമിതികളും അതിനുസഹായകമായ സംവിധാനങ്ങളാണ്.

**രണ്ടാമതായി 'ഹാർട്ട് ടു ഹാർട്ട്' എന്ന മിഷൻ ലിങ്കേജ് പരിപാടിയുടെ ഉദ്ഘാടനം.** കേരളത്തിലെ പന്ത്രണ്ട് ലത്തീൻ രൂപതകളും വടക്കേഇന്ത്യയിലെ പന്ത്രണ്ട് മിഷൻ രൂപതകളുമായി പ്രേഷിത കൂട്ടായ്മ ഇതിലൂടെ ആരംഭിക്കുകയാണ്. നമ്മുടെ രൂപതകളിലെ സുവിശേഷവത്കരണ കമ്മീഷൻ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് തുടർന്നുകൊണ്ടു പോകുന്നതാണ്. എല്ലാവരും പ്രേഷിതരാണ് എന്ന ചിന്ത മിഷൻ കോൺഗ്രസ്സിലൂടെയും ബിസിസി കൺവെൻഷ നിലൂടെയും നാം പങ്കുവയ്ക്കുന്നതാണ്. ക്രിസ്തുനാഥൻ തന്റെ ശിഷ്യന്മാരെ അയച്ചു കൊണ്ട് ആരംഭിച്ച ദൗത്യം ഇടമുറിയാതെ ഇന്നും തുടർന്നുകൊണ്ടുപോകാൻ ഇതു നമ്മെ പ്രചോദിപ്പിക്കുന്നു. ഇത് പ്രധാനമായും ഒരു ആത്മീയ കൂട്ടായ്മയാണ്. രണ്ടു രൂപതകളും തമ്മിൽ പരസ്പരം പ്രാർത്ഥിച്ചുകൊണ്ട് ആത്മീയ ബന്ധത്തിലേക്കു വരുന്നു. പരസ്പരം രൂപതകളെ അടുത്തറിഞ്ഞുകൊണ്ട് ഉളവാകുന്ന പ്രാർത്ഥനാകൂട്ടായ്മ തുടർ പ്രേഷിതപ്രവർത്തനങ്ങൾക്കു സാധ്യത ഉണ്ടാക്കും. പ്രേഷിത ദൈവവിളികൾ പ്രോത്സാഹിപ്പിക്കുവാനും രൂപതകൾ സന്ദർശിച്ചുകൊണ്ട് ക്രൈസ്തവവിശ്വാസത്തെ ആഴപ്പെടുത്തുവാനും ഈ ലിങ്കേജ് സഹായകമായിരിക്കും. രൂപതാംഗങ്ങൾക്ക് കൂടുതൽ സ്വതന്ത്രമായി മിഷൻ പ്രവർത്തനമേഖല കണ്ടെത്തി കടന്നുചെല്ലാനും ക്രിസ്തുസാക്ഷ്യം പകർന്നു നല്കാനും ഇത് അവസരങ്ങൾ സൃഷ്ടിക്കും. സന്ദർശനവും ബന്ധങ്ങളും വഴി ദൈവസ്നേഹത്തിന്റെ ആഴം മനസ്സിലാക്കി ദൈവത്തെ മഹത്വപ്പെടുത്തുന്നുതിനും ദൈവരാജ്യനിർമ്മാണപ്രക്രിയയിൽ ഒരുമിച്ച് മുന്നേറുന്നതിനും നമുക്കു കഴിയും.

**മൂന്നാമതായി ഫാത്തിമാ ദർശനത്തിന്റെ നൂറാം വാർഷികമാഘോഷിക്കുന്ന ഈ വേളയിൽ മരിയൻ തീർഥാടനകേന്ദ്രത്തിൽ ഒരുമിച്ചുകൂടുന്ന പ്രതിനിധികൾ ഒക്ടോബർ മാസം 8-ാം തീയതി മാതാവിന്റെ വിമല ഹൃദയത്തിന് കേരള സഭയെ സമർപ്പിക്കും.** അന്നുതന്നെ നമ്മുടെ എല്ലാ ദേവാലയങ്ങളിലും നടക്കുന്ന ദിവ്യബലിയിൽ മാതാവിന്റെ വിമലഹൃദയത്തിനായി നമ്മെത്തന്നെയും നമ്മുടെ ഇടവകകളെയും സമർപ്പിച്ചുകൊണ്ടുള്ള പ്രത്യേക പ്രാർഥന നടത്തുന്നതാണ്. വിമലഹൃദയപ്രതിഷ്ഠ ഒരു പുതിയ അനുഭവത്തിലേക്കു കേരള ലത്തീൻ സഭയെ നയിക്കുകയും മാതാവിന്റെ നിരന്തരസംരക്ഷണവും സാന്ത്വനവും അനുഭവിക്കുവാൻ സഹായിക്കുകയും ചെയ്യും. വിശ്വാസജീവിതം നേരിടുന്ന പ്രതിസന്ധികൾ തിരിച്ചറിഞ്ഞ് അവയെ അതിജീവിച്ചു ക്രിസ്തുനാഥനുമായുള്ള ബന്ധത്തിൽ മുന്നേറുവാൻ ഇതു നമ്മെ ശക്തിപ്പെടുത്തും. യേശുക്രിസ്തുവിന്റെ രക്ഷണീയ പ്രവൃത്തികൾ നമ്മിൽ ഫലമണിയുവാൻ മാതാവിന്റെ മദ്ധ്യസ്ഥസഹായം അനുഗ്രഹപ്രദമായിരിക്കും. പ്രാദേശികസഭയായ നമുക്ക് സ്വർഗീയ തുറമുഖത്തെ ലക്ഷ്യമാക്കിയുള്ള തീർത്ഥാടനത്തിൽ തിന്മകളുടെ ശക്തികളെ തിരിച്ചറിയുവാനും അവയെ അതിജീവിച്ച് മുന്നേറാനും മാതാവിന്റെ സംരക്ഷണം ഏറെ ബലമേകും.

**നാലാമതായി 'മിഷൻ ക്രോസ്':** മിഷൻ കോൺഗ്രസ്സിന്റെയും ബി.സി.സി. കൺവെൻഷന്റെയും തുടർച്ചയായി ഓരോ രൂപതകൾക്കും ഓരോ മിഷൻ ക്രോസ് നല്കുകയാണ്. ഈ കുരിശ് ഓരോ ഇടവകകളിലും കൊണ്ടുപോകേണ്ടതാണ്. ഈ കുരിശ് ഒരു ഇടവകയിൽ എത്തുമ്പോൾ ആ ഇടവകയിൽനിന്നും മിഷൻ കോൺഗ്രസ്സിലും ബി.സി.സി. കൺവെൻഷനിലും പങ്കെടുത്ത വ്യക്തികൾ അവർക്കുണ്ടായ അനുഭവങ്ങളും പുതിയ കാഴ്ചപ്പാടുകളും ബി.സി.സി. ഭാരവാഹികൾക്കും മറ്റു നേതാക്കൾക്കുമായി പകർന്നുകൊടുക്കുന്നു. അവർ തങ്ങളുടെ ബി.സി.സി. യോഗങ്ങ

ളിൽ ഈ കാര്യങ്ങൾ തുടർന്നു പങ്കുവയ്ക്കുന്നു. അതിലൂടെ ലത്തീൻസഭയിലെ എല്ലാ വിശ്വാസികളും മിഷൻ കോൺഗ്രസ്സിന്റെയും ബി.സി.സി. കൺവെൻഷന്റെയും അനുഭവത്തിലേക്ക് ഒരു ഹൃദയവും മനസ്സുമായി ഒന്നുചേരുന്നു. മിഷൻ കുരിശ് കാണുമ്പോൾ നാം തുടർന്നുകൊണ്ടുപോകേണ്ട പ്രേഷിതപ്രവർത്തനങ്ങളെക്കുറിച്ചുള്ള ചിന്ത നമ്മിലുണരുന്നു. ഒരു ഇടവകയിൽ നിന്നും മറ്റ് ഇടവകകളിലേക്കു പ്രയാണം ചെയ്യുന്ന കുരിശ് നമ്മുടെതന്നെ ജീവിതത്തിലുള്ള ദൈവികപ്രയാണത്തിനു ശക്തിപകരും. ഓരോ രൂപതയും അവരവരുടേതായ തനിമ നിലനിർത്തിക്കൊണ്ടുതന്നെ ക്രിസ്തുനാഥന്റെ ദൗത്യത്തിൽ കേരള ലത്തീൻസഭയോടൊന്നുചേർന്ന് മുന്നേറുന്നതിന്റെ അടയാളമാണ് ഈ മിഷൻ കുരിശ്. സുവിശേഷപ്രഘോഷണദൗത്യത്തിൽ ത്യാഗങ്ങൾ സഹിച്ചുകൊണ്ടും അതുവഴിയുണ്ടാകുന്ന പ്രയാസങ്ങളെ സസന്തോഷം ഏറ്റെടുത്തുകൊണ്ടും മുന്നോട്ടുപോകാൻ ഈ കുരിശ് നമ്മെ സഹായിക്കും.

മിഷൻ കോൺഗ്രസ്സിന്റെയും ബി.സി.സി. കൺവെൻഷന്റെയും വിജയത്തിനായും തുടർന്നുള്ള പരിപാടികൾ നന്നായി ക്രമപ്പെടുത്തുന്നതിനായും എല്ലാവരുടെയും പ്രാർഥനയും സഹായസഹകരണങ്ങളും അപേക്ഷിക്കുന്നു.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

സ്നേഹപൂർവ്വം

കേരള ലത്തീൻ കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി

† സൂസപാക്യം എം.
കെ.ആർ.എൽ.സി.ബി.സി അദ്ധ്യക്ഷൻ
തിരുവനന്തപുരം മെത്രാപ്പോലീത്ത

† വർഗീസ് ചക്കാലക്കൽ
കോഴിക്കോട് മെത്രാൻ

25/09/2017

NB: ഈ സർക്കുലർ 2017 ഒക്ടോബർ 1-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ നമ്മുടെ ദേവാലയങ്ങളിലും സ്ഥാപനങ്ങളിലും വായിക്കണമെന്ന് താല്പര്യപ്പെടുന്നു.